## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3825** **15.05.2017 ൽ മറുപടിയ്ക്ക്**

**മൂന്നാർ മേഖലയിൽ റവന്യൂ ഭൂമിയും വനഭൂമിയും തരംതിരിക്കാത്തതിന്റെ മറവിൽ കയ്യേറ്റം**

**ചോദ്യം**
**ശ്രീ.പി.സി. ജോർജ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാർ മേഖലയിൽ റവന്യൂ ഭൂമിയും വനഭൂമിയും തരംതിരിക്കാത്തതിന്റെ മറവിൽ സർക്കാർ ഭൂമിയിൽ പല വൻകിട കയ്യേറ്റങ്ങളും നടന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. മൂന്നാറിലെ വൻകിട കയ്യേറ്റങ്ങൾ സംബന്ധിച്ച് ത്വരിത പരിശോധന നടത്തി പ്രാഥമിക പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ലഭ്യമായ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ മേഖലയിൽ റവന്യൂ , വനം വകുപ്പുകൾ സംയുക്തമായി ചേർന്ന് സർക്കാർ ഭൂമി തിരിച്ചുപിടിയ്ക്കാൻ ആവശ്യമായ സർവ്വേ നടത്താൻ തയ്യാറാകുമോ; | (ബി) സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | അതീവ പരിസ്ഥിതി പ്രാധാന്യമുള്ള ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് ഭൂമാഫിയകൾ ഇവിടെ കയ്യേറി കൈവശം വച്ചിരിയ്ക്കുന്നത് എന്നതിന്റെ ഗൗരവം കണക്കിലെടുത്ത് സത്യസന്ധമായ ഒഴിപ്പിക്കൽ നടപടി സ്വീകരിക്കുമോ? | (സി)നിലവിൽ കേരള ഭൂസംരക്ഷണനിയമം, കണ്ണൻ ദേവൻ ഭൂമി ഏറ്റെടുക്കൽ നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ